## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3128.

13-03-2017 ൽ മറുപടിയ്ക്ക്

## നെൽകൃഷി വികസനത്തിന് പദ്ധതി

**ചോദ്യം**
ശ്രീ.അടൂർ പ്രകാശ്
ശ്രീ.പി.ടി. തോമസ്
ശ്രീ.വി.ഡി.സതീശൻ
ശ്രീ.എൽദോസ് കുന്നപ്പിള്ളി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നെൽകൃഷി വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചത്; വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്തെ നെൽകൃഷി വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:-<br>**1.സുസ്ഥിര നെൽകൃഷി വികസനം-**<br>ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനുപുറമെ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 4500/- രൂപ നിരക്കിൽ 180000 ഹെക്ടർ സ്ഥലത്ത് 8100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>**2. വികസന ഏജൻസികൾക്കുളള ഫണ്ട്-**<br>നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.<br>**3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുളള പ്രോൽസാഹനം-**<br>പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) കൃഷിക്കുളള പ്രോൽസാഹനത്തിനായി ഹെക്ടറിന് 10000/- |

രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

**4. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി-**

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 1,25,000 ഹെക്ടർ പ്രദേശത്തേക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

**5. കരനെൽകൃഷി വികസനം-**

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2752.092 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) 374.28 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേക്ക് ഒരു ഹെക്ടറിന് 30000 രൂപാ നിരക്കിൽ, 2900 ഹെക്ടറിന് 870 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേക്കായി ഹെക്ടറിന് 10000/- രൂപ ധനസഹായ നിരക്കിൽ 94 ഹെക്ടറിന് 9.4 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

**6. നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)-**

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

**7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി**

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേക്കായി അനുവദിക്കുകയുണ്ടായി. 57.37 ലക്ഷം രൂപ

| | | | |
|---|---|---|---|
| | | | അഡീഷണൽ ആതറൈസേഷൻ മുഖേന നടപ്പുവർഷം അധികമായി അനുവദിച്ചിട്ടുമുണ്ട്.<br>**8. ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി (എൻ. എഫ്. എസ്. എം) -**<br>ദേശീയഭക്ഷ്യ സുരക്ഷ പദ്ധതി ( NFSM) പാലക്കാട് ജില്ലയിൽ നടപ്പാക്കുന്നതിനായി 213 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളിലൂടെ എത്ര ടൺ നെല്ലാണ് ഉല്പാദിപ്പിച്ചിട്ടുള്ളത് എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | (ബി) | കരനെൽകൃഷി നടപ്പിലാക്കിയതുവഴി ഏകദേശം 4953 മെ.ടൺ. നെല്ല് ഉല്പാദിപ്പിക്കുകയുണ്ടായി. മിക്ക സ്ഥലങ്ങളിലും നെൽകൃഷിയുടെ കൊയ്ത്ത് ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. പൂർണ്ണമായും കൊയ്ത്ത് കഴിഞ്ഞാൽ മാത്രമേ മൊത്തം ഉല്പാദനത്തിന്റെ കണക്ക് വ്യക്തമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ